ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം



നമ്പർ.ബി.1/ഇ-23262/2017/റ്റി.സി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471–2333337/2333317 ഫാക്സ് 0471–2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 28.07.2017.

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- **മോട്ടോർ വാഹന വകുപ്പ്** – വാഹനത്തിന്റെ പർച്ചേസ് വാല്യൂവിൽ ജി.എസ്.ടി.യോടൊപ്പം കോമ്പൻസേഷൻ സെസ്സും കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം - നൽകുന്നത്.

സൂചന :-
1. ഓർഡിനൻസ് നമ്പർ. 12/2017.
2. ഈ ഓഫീസിലെ 30.06.2017-ലെ ഇതേ നമ്പർ കത്ത്.
3. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 28.06.2017-ലെ നോട്ടിഫിക്കേഷൻ നമ്പർ. 01/2017 - കോമ്പൻസേഷൻ സെസ്സ് (റേറ്റ്).

01.07.2017 മുതൽ വാങ്ങുന്ന വാഹനങ്ങൾക്ക് ഡീലർമാർ നൽകുന്ന ഇൻവോയിസിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള ജി.എസ്.ടി കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ, നികുതി സ്വീകരിക്കാൻ പാടുള്ളൂ എന്ന് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. മോട്ടോർ വാഹനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി. നിരക്ക് 28% ആണ് (14% സി.ജി.എസ്.ടി.യും, 14% കെ.ജി.എസ്.ടി.യും). കേന്ദ്ര ഗവൺമെന്റിന്റെ സൂചന (2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രകാരം, വാഹനങ്ങൾക്ക്,മേൽപ്പറഞ്ഞ ജി.എസ്.ടി.യ്ക്ക് പുറമേ നിശ്ചിത നിരക്കിലുള്ള കോമ്പൻസേഷൻ സെസ്സ് കൂടി ചുമത്തിയിട്ടുണ്ട്. ആയതിന്റെ നിരക്കുകൾ നോട്ടിഫിക്കേഷനോടൊപ്പമുള്ള ഷെഡ്യൂളിൽ പ്രതിപാദിക്കുന്നുണ്ട്. ആയത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത ഷെഡ്യൂളിൽ സീരിയൽ നമ്പർ 42 മുതൽ 53 വരെയുള്ളത് മോട്ടോർ വാഹനങ്ങൾക്ക് ചുമത്തിയിട്ടുള്ള കോമ്പൻസേഷൻ സെസ്സ് സംബന്ധിച്ചിട്ടുള്ളതാണ്. ആയതിനാൽ, 01.07.2017 മുതൽ വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ പർച്ചേസ് ഇൻവോയിസിൽ ജി.എസ്.ടി.യോടൊപ്പം. ഓരോ വാഹനത്തിനും നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള കോമ്പൻസേഷൻ സെസ്സ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതെല്ലാം ഉൾപ്പെട്ട (*G.S.T, Compensation Cess, Customs/Excise duty, any other tax imposed by Central or State Government*) പർച്ചേസ് വാല്യൂവിൻമേലാണ്, 01.07.2017 മുതൽ വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ

നികുതി സ്വീകരിക്കേണ്ടത്. ഇപ്രകാരമല്ലാതെ ഏതെങ്കിലും വാഹനത്തിൽ നിന്ന് നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ, ബാക്കി നികുതി കൂടി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് കർശന നിർദ്ദേശം, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും, നിയമപ്രകാരമുള്ള നികുതി വാഹനങ്ങളിൽ നിന്ന് ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,
28.7.2017

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

28/07/17

28/7

ജെ.എസ്.

മോട്ടോർ വാഹന വകുപ്പ്, കേരള